**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5287** **21-03-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദൂരവിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ 2020 ഒക്ടോബർ മാസം സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | 2021 ലെ ശ്രീനാരായണഗുരു യൂണിവേഴ്സിറ്റി ആക്ട് പ്രാബല്യത്തിൽ വന്നു. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, എറണാകുളം എന്നിവിടങ്ങളിൽ യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിച്ചു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് 118 അദ്ധ്യാപക -അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായി. 29 പ്രോഗ്രാമുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വികസനത്തിന് ആവശ്യമായ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയുടെ പ്രവർത്തനത്തിനായി സർക്കാർ ഗ്രാന്റ്- ഇൻ - എയ്ഡ് ആയി ബജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്. സർവ്വകലാശാലയുടെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല അഡ്മിനിസ്റ്റേറ്റീവ് വിങ്ങിൽ സ്ഥിര തസ്തികകൾ സൃഷ്ടിക്കാൻ സർവകലാശാല സമർപ്പിച്ച പ്രൊപ്പോസലുകളിൽ സർക്കാരിന്റെ തീരുമാനം എന്തെന്ന് അറിയിക്കാമോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ അഡ്മിനിസ്റ്റേറ്റീവ് വിങ്ങിൽ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിക്കാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഇരുപത്തിയെട്ട് പ്രോഗ്രാമുകൾക്ക് (എഫ്.വൈ.യു.ജി.പി - 6, യു.ജി - 10, പി.ജി - 12) യു.ജി.സി. അംഗീകാരം ഉള്ളതും 22000ത്തോളം വിദ്യാർത്ഥികൾ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്നതുമായ പ്രസ്തുത | (സി) | ബി-യിൽ നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | യൂണിവേഴ്സിറ്റിയിൽ നാളിതുവരെയും സ്ഥിരം തസ്തിക സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിയത് വഴി പ്രസ്തുത നാല് യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനതു വരുമാനത്തിൽ വരുന്ന നഷ്ടം എത്രയെന്ന് വിശദീകരിക്കാമോ; ഇതുമൂലം പ്രസ്തുത യൂണിവേഴ്സിറ്റികളിൽ നഷ്ടപെട്ട തസ്തികകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് നാളിതുവരെ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ? | (ഡി) | കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിയത് വഴി പ്രസ്തുത നാല് യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനതു വരുമാനത്തിൽ വരുന്ന നഷ്ടം ആധികാരികമായി കണക്കാക്കിയിട്ടില്ല. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ